ഭരണഭാഷ മാതൃഭാഷ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെയും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെയും പൂർണ്ണ അധിക ചുമതല സാംസ്കാരിക വകുപ്പ് അധ്യക്ഷന് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാധാ)നം.450/2019/സാം.കാ.വ **തിരുവനന്തപുരം, തീയതി, 15/10/2019**

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 28/09/2019 ലെ 4402/ഇ 1/12/ കെ.എസ്.എഫ്.ഡി.സി നമ്പർ കത്ത്

ഉത്തരവ്

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതലയും വഹിച്ചു വന്നിരുന്ന തന്റെ ഇന്റർ കേഡർ ഡെപ്യൂട്ടേഷൻ (Inter Cadre Deputation) കാലാവധി 11/10/2019 ന് അവസാനിക്കുകയാണെന്നും ആയതിനാൽ ടിയാൾ വഹിച്ചിരുന്ന ഔദ്യോഗിക ചുമതലകൾ കൈമാറണമെന്നും പരാമർശ കത്ത് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ശ്രീമതി.ദീപ.ഡി.നായർ ഐ എഫ് എസ് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ പ്രസ്തുത വിഷയം പരിശോധിച്ചു ഇന്റർ കേഡർ ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയാക്കി മാതൃ കേഡറിലേയ്ക്ക് പോകുന്ന ശ്രീമതി.ദീപ.ഡി.നായർ ഐ എഫ് എസ് ന് പകരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പുതിയ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതു വരെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെയും സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെയും പൂർണ്ണ അധിക ചുമതല സാംസ്കാരിക വകുപ്പ് അധ്യക്ഷന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഗീത കെ.
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
അധ്യക്ഷൻ, സാംസ്കാരിക വകുപ്പ്, ആനന്തവിലാസം കൊട്ടാരം, ഫോർട്ട് പി.ഒ, തിരുവനന്തപുരം
സെക്രട്ടറി, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, ശാസ്തമംഗലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ